**249**

ദേവേശാ! യേശുപരാ! ജീവനെനിക്കായ് വെടിഞ്ഞോ!
ജീവനറ്റ പാപികൾക്കു നിത്യജീവൻ
കൊടുപ്പാനായ് നീ മരിച്ചോ!

1 ഗതസമന പൂവനത്തിൽ അധികഭാരം വഹിച്ചതിനാൽ
അതിവ്യഥയിൽ ആയിട്ടും താതനിഷ്ടം നടപ്പതിന്നനുസരിച്ചു-

2 അന്നാസിൻ അരമനയിൽ മന്നവാ! നീ വിധിക്കപ്പെട്ടു
കന്നങ്ങളിൽ കരങ്ങൾകൊ ു മന്നാ
നിന്നെ അടിച്ചവർ പരിഹസിച്ചു

3 പീലാത്തോസെന്നവനും വിലമതിച്ചു കുരിശേൽപ്പിച്ചു
തലയിൽ മുള്ളാൽ മുടിയും വച്ചു
പലർ പല പാടുകൾ ചെയ്തു നിന്നെ

4 ബലഹീനനായ നിന്നെ വലിയ കൊലമരം ചുമത്തി
തലയോടിട മലമുകളിൽ അലിവില്ലാതയ്യോ
യൂദർ നടത്തി നിന്നെ

5 തിരുക്കരങ്ങൾ ആണികൊ ു മരത്തോടു ചേർത്തടിച്ചു
ഇരുവശവും കുരിശുകളിൽ ഇരുകള്ളർ
നടുവിൽ നീ മരിച്ചോ പരാ!-

6 കഠിനദാഹം പിടിച്ചതിനാൽ കാടിവാങ്ങാനിടയായോ
ഉടുപ്പുകൂടി ചിട്ടിയിട്ടു ഉടമ്പും
കുത്തിത്തുറന്നോ രുധിരം ചിന്തി-

7 നിൻമരണം കൊ െന്റെ വൻനരകം നീയകറ്റി
നിൻമഹത്ത്വം തേടിയിനി എൻകാലം
കഴിപ്പാൻ കൃപചെയ്യണമേ-

**J.J.**